**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ. 1290** **30.9.2011-ൽ മറുപടിയ്ക്ക്**

## ഗ്രാമ വികസന പദ്ധതികളുടെ മാനദണ്ഡം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.മോൻസ് ജോസഫ്,**<br>**ശ്രീ. റ്റി. യു. കുരുവിള** | | **ശ്രീ. കെ.സി. ജോസഫ്**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി)** | |
| (എ) | കേന്ദ്ര ഗ്രാമവികസന പദ്ധതികളുടെ മാനദണ്ഡങ്ങൾ സംസ്ഥാന താത്പര്യത്തിന് അനുസൃതമായി ക്രമീകരിക്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ | (എ) | കേന്ദ്ര ഗ്രാമവികസന പദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ കേരളത്തിന്റെ സാഹചര്യങ്ങളുമായി യോജിക്കാത്തവയിൽ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും, സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) | കേന്ദ്ര മാനദണ്ഡം കാരണം മുടങ്ങിക്കിടക്കുന്ന പദ്ധതി കൾ സംസ്ഥാനത്ത് നടപ്പിലാക്കുവാൻ എന്തൊക്കെ ശ്രമങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) | കേന്ദ്ര മാനദണ്ഡങ്ങൾ കാരണം മുടങ്ങി കിടക്കുന്ന പരിപാടികൾ ഒന്നും ഈ വകുപ്പിന് കീഴിൽ ഇപ്പോൾ നിലവിലില്ല. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ തക്ക വിധം പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.<br><br>കേന്ദ്രസർക്കാരിന് സമർപ്പിച്ച നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ടവ ഇവയാണ്.<br><br>1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തീരദേശ മേഖലകളിലും കാർഷിക മേഖലയിലും കൂടുതൽ തൊഴിൽ സാദ്ധ്യതകളും ആസ്തികളും ഉണ്ടാക്കാനുതകുന്ന തരത്തിൽ പുതിയ 49 തൊഴിൽ മേഖല യിലേയ്ക്ക് കൂടി പദ്ധതി വ്യാപിപ്പിക്കാൻ വേണ്ട നിർദ്ദേശങ്ങൾ |

2. ടെലഫോൺ, ഇലക്ട്രിസിറ്റി ലൈനുകൾ, വാട്ടർ സപ്ലൈ പൈപ്പുകൾ എന്നിവ മാറ്റിസ്ഥാപിക്കുന്നതിന് വേണ്ട ചെലവുകൾ പ്രധാനമന്ത്രി ഗ്രാമ സഡക് യോജ
നയുടെ പ്രോഗ്രാം ഫണ്ടിൽ നിന്നും വഹിക്കണമെന്ന നിർദ്ദേശം

3. കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾക്കനുസൃതമായി പ്രധാനമന്ത്രി ഗ്രാമ സഡക് യോജനയുടെ ആവാസ കേന്ദ്രത്തിന്റെ നിർവ്വചനത്തിൽ മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശം അംഗീകരിച്ചിട്ടുണ്ട്.

4. പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പ്രകാരം ഏറ്റെടുക്കുന്ന പ്രവൃത്തികൾക്ക് ടെണ്ടർ തുകയിൽ വരുന്ന വർദ്ധനവ് പദ്ധതിയിൽ പ്പെടുത്തി നൽകണമെന്ന ആവശ്യം.

5. ഐ എ വൈ പദ്ധതിയിൽ ഭവന നിർമ്മാണ ധനസഹായത്തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം.

| | | | |
|---|---|---|---|
| (സി) | നടപ്പു സാമ്പത്തിക വർഷം കേന്ദ്ര മാനദണ്ഡം കാരണം മുടങ്ങിക്കിടക്കുന്ന എത്ര കോടി രൂപയുടെ ഗ്രാമവികസന പദ്ധതികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ? | (സി) | കേന്ദ്ര മാനദണ്ഡങ്ങൾ കാരണം മുടങ്ങിക്കിടക്കുന്ന പരിപാടികൾ ഒന്നും ഈ വകുപ്പിന് കീഴിൽ ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ